www.prepp.in

Prepp
Your Personal Exams Guide

UPSC CSE 2014 MAINS PAPER 7 DECEMBER 19, 2014 MALAYALAM OPTIONAL PAPER II QUESTION PAPER

CS (Main) Exam : 2014

# MALAYALAM

## Paper—II

## (Literature)

CS (Main) Exam : 2014

*Time Allowed : Three Hours*

*Maximum Marks : 250*

### QUESTION PAPER SPECIFIC INSTRUCTIONS

**Please read each of the following instructions carefully before attempting questions :**

There are **EIGHT** questions divided in **Two Sections**.

Candidate has to attempt **FIVE** questions in all.

Question Nos. **1** and **5** are compulsory and out of the remaining, **THREE** are to be attempted choosing at least **ONE** from each section.

The number of marks carried by a question/part is indicated against it.

Answers must be written in **MALAYALAM**.

Word limit in questions, wherever specified, should be adhered to.

Attempts of questions shall be counted in chronological order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the answer book must be clearly struck off.

---

### SECTION—A

Q.1. **സന്ദർഭം സൂചിപ്പിച്ച് ആശയം വിശദമാക്കി സാരസ്യം വ്യക്തമാക്കുക. ഓരോ ഉത്തരവും നൂറ്റിയമ്പതു വാക്കിൽ കവിയരുത് :—** **10×5=50**

Q.1(a) മാൽ പുനന്തവനറിന്തണഞ്ഞങ്ങങ്കുലീയവും
മാലവാർ കുഴലിലെഴും മണി കൈക്കൊള്ളും മുന്നേ
വേൽ പൊരുന്ന മിഴിയാൾക്കു നൽകിയപ്പൊഴുതിലേ
മേതിൽ വീഴ്ന്തടി പണിതു വിടയും തൊഴുതുപോയ്
ചേൽ പൊരുന്തു മരി വീരനലയാഴി കടന്ന-
ത്തീര മെയ്തിയിരുന്നൊൺ കവികൾ ചൂഴ്ന്തിനിയപൈ-
മ്പാൽ പൊരുന്തും മൊഴിയാൾ മൊഴിന്തനൻ തൊഴുതെല്ലാം
പാർ മന്നൻ തന്നോടു മൈതിലിയുടെ ചരിതമേ 10

Q.1(b) നീ, യെന്റെ രസനയിൽ വയമ്പും നറുതേനു-
മായ് വന്നൊരാദ്യാനുഭൂതി!
നീയെന്റെ തിരികെടും നേരത്തു തീർഥകണ-
മായലിയുമന്ത്യാനുഭൂതി! 10

www.prepp.in

Prepp
Your Personal Exams Guide

Q.1(c) നീർത്താനിന്ദൂപലമിവ, തെളിഞ്ഞാമ്പൽപോലെ ചിരിച്ചാ-
നാർത്താൻ വണ്ടിൻകുലമിവ, വളർന്നാൻ പയോരാശിപോലെ
പീത്വാരൂപാ മൃത മിളകിനാനേഷ ചെർപ്പോത്തുപോലെ 10
കുഴ്ത്താൻ കാമീമദനനിവ പോന്നാഗതേ വീര ചന്ദ്രേ!

Q.1(d) വ്യാജമെന്നുള്ളത് കാട്ടീലൊരിക്കലും
പൂജയിലെന്നതു സത്യമാണെങ്കിലും
പോരാനിടവന്നു വെങ്കിട്ടനെമ്പറാൻ 10
പോന്നവഴിക്കേ വെറും കൂപ്പുകയ്യുമായ്!

Q.1(e) പ്രാകൃതൻ നിന്നെ ഞാൻ പ്രഹരിക്കിൽ
ലോകമൊക്കയുമാധ്വനി കേൾക്കും.
എൻ ഹൃദയ കഠാരിയെ നിന്റെ 10
ചങ്കിലാഴ്ത്തിത്തറപ്പുഞാൻ നീചാ.

Q.2(a) ഇഷ്ടദേവതാ വന്ദനം, ഭൂദേവ വന്ദനം, വിനയം, ആത്മവിശ്വാസം എന്നിവ കണ്ണശ്ശരാമായണകാരൻ എങ്ങനെ അവതരിപ്പിച്ചിരിക്കുന്നു ? 20

Q.2(b) പ്രതിപാദ്യവിഷയത്തിന് ഉചിതമായ ഭാഷ സൃഷ്ടിച്ചതാണോ എഴുത്തച്ഛൻ കൃതികളുടെ മേന്മയ്ക്കു നിദാനം – 'ഭീഷ്മപർവ്വ'ത്തെ മുൻനിർത്തി പരിശോധിക്കുക. 20

Q.2(c) ഉണ്ണുനീലിസന്ദേശത്തിലെ സ്ത്രീവർണ്ണനകൾ പലപ്പോഴും സഭ്യതയുടെ പരിധി ലംഘിക്കുന്നു എന്ന വാദം സാധുവോ ? 10

Q.3(a) ഭ്രഷ്ട കാമുകനായ കവിയെ മേഘരൂപന്റെ ഔന്നിത്യത്തിലെത്തിക്കുന്ന രാസവിദ്യ ആറ്റൂർ എങ്ങനെ സാധിക്കുന്നു ? 20

Q.3(b) ചിന്താവിഷ്ടയായ സീതയിൽ സ്വയം മറന്നിരിക്കുന്ന സീതയെ കവി എങ്ങനെ ചിത്രീകരിച്ചിരിക്കുന്നു ? 20

Q.3(c) കേവല കഥാഗാനത്തിനപ്പുറത്ത് 'തീവണ്ടിയിലെ പാട്ടിനെ' എത്തിക്കുന്ന ഘടകങ്ങൾ ചൂണ്ടിക്കാണിക്കുക. 10

Q.4(a) പാരമ്പര്യത്തിനും ആധുനികതയ്ക്കുമിടയിലെ വൈരുദ്ധ്യത്തെ 'പണ്ടത്തെ മേശ്ശാന്തി'യിൽ എങ്ങനെ പ്രതിഫലിപ്പിക്കുന്നു ? 20

Q.4(b) വെട്ടിപ്പിടിക്കാനും കീഴടക്കാനുമുള്ള ത്വര അച്ഛനും മകനും ഒരുപോലെയാണ്. രണ്ടാൾക്കും ജയിക്കാനുമാവില്ല. ഈ അനിവാര്യതയുടെ മന:ശാസ്ത്രപരമായ ആവിഷ്ക്കാരം പെരുന്തച്ചനിൽ എങ്ങനെ സാധിച്ചിരിക്കുന്നു ? 20

Q.4(c) കാവ്യഭാഷയിൽ അയ്യപ്പപ്പണിക്കർ വരുത്തിയ പരിവർത്തനങ്ങൾ 'കുരുക്ഷേത്ര'ത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക. 10

www.prepp.in

Prepp
Your Personal Exams Guide

## SECTION—B

Q.5. **എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോ ഉത്തരവും നൂറ്റിയമ്പതു വാക്കിൽ കവിയരുത് :—** **10×5=50**

Q.5(a) കേരളീയ സമൂഹ ഘടനയിലെ ദായക്രമങ്ങളെപ്പറ്റി 'ഇന്ദുലേഖ' നൽകുന്ന പാഠങ്ങളേവ ? 10

Q.5(b) 'ചെമ്മീൻ' എന്ന നോവലിന് ഒരു പ്രത്യേക മാനം നൽകാൻ അതിലെ മിത്തിന് കഴിഞ്ഞുവോ? – പരിശോധിക്കുക. 10

Q.5(c) ഞാനെന്ന ഭാവത്തിന്റെ അഭാവമാണ് 'കണ്ണീരും കിനാവു'മെന്ന ആത്മകഥയെ വ്യതിരിക്തമാക്കുന്നതെന്ന് നിരീക്ഷിക്കാമോ ? 10

Q.5(d) "പരമ്പരാഗത സദാചാര സങ്കല്പത്തിനപ്പുറം നിന്നുകൊണ്ടേ ഇതെഴുതാവൂ എന്ന ധാരണയാണ് എന്നിൽ ആധിപത്യം ചെലുത്തിയത്" എന്ന എം.കെ. സാനുവിന്റെ പ്രസ്താവനാവാക്യം 'ചങ്ങമ്പുഴ കൃഷ്ണപിള്ള – നക്ഷത്രങ്ങളുടെ സ്നേഹഭാജനം' സാധൂകരിച്ചുവോ ? 10

Q.5(e) ഭ്രമകല്പനകളുടെ സൗന്ദര്യമാണ് 'ചെറിയ ചെറിയ ഭൂകമ്പങ്ങൾ' എന്ന കഥയുടെ ജീവൻ- വ്യക്തമാക്കുക. 10

Q.6(a) സ്വത്വമില്ലായ്മയും പ്രത്യയശാസ്ത്ര ശൂന്യതയുമാണ് ഖസാക്കിലെ രവിയുടെ പാത്ര രചനയിൽ വിജയൻ സ്വീകരിച്ച മാർഗ്ഗം – ചർച്ച ചെയ്യുക. 20

Q.6(b) ലോകത്തിലെ അമ്മമാർക്കുള്ള സന്ദേശം വ്യാസൻ നൽകുന്നത് കുന്തിയിലൂടെയാണെന്ന് കുട്ടികൃഷ്ണമാരാർ സമർത്ഥിക്കുന്നതെങ്ങനെ ? 20

Q.6(c) ഫുട്ബോൾ കളിയുടെ സംസ്കാരം ഹിഗ്വിറ്റയുടെ ഘടനയെ എങ്ങനെ വ്യത്യസ്തമാക്കുന്നു? 10

Q.7(a) നിയമ സംഹിതതയ്ക്കു നേരെയുള്ള വെല്ലുവിളിയായിമാറുന്ന ക്രൈം നാടകത്തിന്റെ വർത്തമാനകാല പ്രസക്തി വിലയിരുത്തുക. 20

Q.7(b) 'വ്യാസന്റെ ചിരി' എന്ന ലേഖനം നൽകുന്ന മാനുഷിക സന്ദേശത്തിന്റെ സാധുത പരിശോധിക്കുക. 20

Q.7(c) ക്ഷേത്ര പരിസരത്തിന്റെ വിശുദ്ധാന്തരീക്ഷവും വിധിയുടെ അലംഘനീയമായ ആകസ്മികതയും ചേർന്നൊരുക്കിയ അപൂർവ്വ കാല്പനിക ഭംഗിയാണ് വാനപ്രസ്ഥത്തെ ജീവസ്സുറ്റതാക്കുന്നത് – ശരിയോ ? 10

Q.8(a) 'ധർമ്മസ്യതത്വം നിഹിതം ഗുഹായാം' – എന്ന ആശത്തെ ഭീഷ്മരുടെ ധർമ്മ തത്വവുമായി മാരാർ ബന്ധിപ്പിക്കുന്നതിന്റെ ഔചിത്യം നിരീക്ഷിക്കുക. 20

Q.8(b) മലയാള നോവലിന്റെ ഇതിവൃത്തത്തിലും പാത്രാവതരണത്തിലും പ്രതിപാദനരീതിയിലും സംഭവിച്ച മാറ്റങ്ങൾ 'ഇന്ദുലേഖ', 'ചെമ്മീൻ' 'ഖസാക്കിന്റെ ഇതിഹാസം' എന്നീ നോവലുകളെ മുൻനിർത്തി വിശദമാക്കുക. 20

Q.8(c) ഹിഗ്വിറ്റയിലെ കഥകളിൽ ചരിത്രവും രാഷ്ട്രീയവും എൻ.എസ്. മാധവൻ എങ്ങനെ ചിത്രീകരിക്കുന്നു ? 10